കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 22.10.2026

പ്രസിദ്ധീകരണത്തിന്

2020 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് പരീക്ഷ രജിസ്ട്രേഷന് അവസരം

13-11-2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബിരുദ സപ്ലിമെന്ററി നവംബർ 2026 പരീക്ഷകൾക്ക് 2020 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് 23-10-2026 മുതൽ 27-10-2026 വരെ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാണ്.

ടൈം ടേബിൾ പ്രസിദ്ധീകരിച്ചു

1. 05.11.2026 ന് ആരംഭിക്കുന്ന മഞ്ചേശ്വരം ക്യാമ്പസിലെ **അഞ്ചാം** സെമസ്റ്റർ ത്രിവത്സര എൽ എൽ ബി (റെഗുലർ - 2024 അഡ്മിഷൻ /സപ്ലിമെന്ററി - 2022 മുതൽ 2023 വരെ അഡ്മിഷൻസ്) നവംബർ 2026 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

2. 02.11.2026 ന് ആരംഭിക്കുന്ന പി ജി ഡിപ്ലോമ ഇൻ ലേർണിംഗ് ഡിസബിലിറ്റി (പി.ജി.ഡി.എൽ.ഡി.) പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ (റെഗുലർ /സപ്ലിമെന്ററി) മെയ് 2026 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

3. 05.11.2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജിലെ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം എസ് സി ഇൻ കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് (2025 അഡ്മിഷൻ -റെഗുലർ /2020 മുതൽ 2024 വരെ അഡ്മിഷൻസ് - സപ്ലിമെന്ററി /ഇമ്പ്രൂവ്മെന്റ്) ഒക്ടോബർ 2026 പരീക്ഷകളുടെ ടൈം ടേബിൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു .

രജിസ്ട്രേഷൻ തീയതി ദീർഘിപ്പിച്ചു

മൂന്നാം സെമസ്റ്റർ എഫ് വൈ യു ജി പി (റെഗുലർ/സപ്ലിമെന്ററി) നവംബർ 2026 പരീക്ഷകളുമായി ബന്ധപ്പെട്ട സ്റ്റുഡന്റ് രെജിസ്ട്രേഷൻ , കോളേജ് തല വെരിഫിക്കേഷൻ എന്നിവ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതി 23.10.2026 വരെ ആയി ദീർഘിപ്പിച്ചിരിക്കുന്നു.

ഹാൾ ടിക്കറ്റ്

1. ഇന്റെഗ്രേറ്റഡ് എം.എസ്.സി. ഇൻ കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് ആൻഡ് മെഷീൻ ലേർണിംഗ് പ്രോഗ്രാമിൻറെ ഏഴാം സെമസ്റ്റർ ഒക്ടോബർ 2026 (റഗു/സപ്ലി/ഇമ്പ്രൂവ്) പരീക്ഷകളുടെ ഹാള്ടിക്കറ്റുകള് വെബ് സൈറ്റില് ലഭ്യമാണ്. ഹാൾടിക്കറ്റ് ലഭിക്കാത്തവർ സർവ്വകലാശാലയുമായി ബന്ധപ്പെടേണ്ടതാണ്.

2. 28.10.2026 ന് ആരംഭിക്കുന്ന കണ്ണൂർ സർവകലാശാലയുടെ മൂന്നാം വർഷ BA/ BSc/ B. Com/ BBA/ BCA/ BA Afzal UI Ulama Degree (SDE Mercy Chance- 2011-2019 Admissions) മാർച്ച് 2026 പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

വിവിധ പരീക്ഷാ സെന്ററുകളിലായി അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികളും കണ്ണൂർ യൂണിവേഴ്സിറ്റി ഹെഡ് കാർട്ടേഴ്സ്, താവക്കരയിലുള്ള പരീക്ഷാ കേന്ദ്രത്തിൽ വെച്ച് പരീക്ഷയെഴുതേണ്ടതാണ്.

ഹാൾടിക്കറ്റ് പ്രിന്റ് എടുത്ത ശേഷം ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്ത്, ഹാൾടിക്കറ്റിൽ ചേർത്തിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ ഉച്ചക്ക് 1.30 മണിക്ക് (വെള്ളി - 2.00 മണി) ഹാജരാകേണ്ടതാണ്. ഹാൾടിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തുന്ന വിദ്യാർഥികൾ ഫോട്ടോ പതിച്ച ഏതെങ്കിലും ഗവൺമെന്റ് അംഗീകൃത അസ്സൽ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്.

ഒപ്പ് / -

അസിസ്റ്റന്റ് രജിസ്ട്രാർ - 1

പരീക്ഷാവിഭാഗം